# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**
**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 08-01-2013



## കെ.എസ്.ടി.എ മുൻ സംസ്ഥാന ട്രഷർ
# കെ.ജി.ബാബു പണിമുടക്കിൽ പങ്കെടുത്ത് സർവ്വീസിൽ നിന്നും വിരമിച്ചു

കെ.എസ്.ടി.എ മുൻ സംസ്ഥാന ട്രഷർ ശ്രീ. കെ.ജി. ബാബു പെൻഷൻ സംരക്ഷിക്കുന്നതിനുവേണ്ടി ജീവനക്കാരും അധ്യാപകരും നടത്തുന്ന അനിശ്ചിതകാല പണിമുടക്കിൽ പങ്കെടുത്ത് സർവ്വീസിൽ നിന്നും വിരമിച്ചു. എസ്.എം.വി ഹയർസെക്കന്ററി സ്കൂൾ അധ്യാപകനായിരുന്നു. 33 വർഷം സർവ്വീസുള്ള ഇദ്ദേഹം കെ.പി.ടി.യു, കെ.ജി.ടി.എ, കെ.എസ്.ടി.എ സംഘടനകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1983 മുതൽ 90 വരെ ഇടുക്കിജില്ലയിൽ പ്രവർത്തിച്ചതിനുശേഷമാണ് തിരുവനന്തപുരം ജില്ലയിലെത്തിയത്. എഫ്.എസ്.ഇ.ടി.ഒ ജില്ലാ പ്രസിഡന്റ്, കെ.എസ്.ടി.എ തിരുവനന്തപുരം ജില്ലാ സെക്രട്ടറി, സംസ്ഥാന വൈസ് പ്രസിഡന്റ്, ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു. അധ്യാപകരുടെ അഖിലേന്ത്യാ സംഘടനയായ എസ്.ടി.എഫ്.ഐ യുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട് & ഗൈഡ് സംസ്ഥാന ട്രഷററായും പ്രവർത്തിച്ചുവരുന്നു.

2013 മാർച്ചുവരെ സർവ്വീസിൽ തുടരേണ്ട ഇദ്ദേഹം സൂപ്പർ ആനുവേഷൻ കാലയളവിൽ പണിമുടക്കിൽ പങ്കെടുത്തതുകൊണ്ടാണ് വിരമിക്കേണ്ടി വന്നത്.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA
**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**
**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 08-01-2013



### കെ.എസ്.ടി.എ മുൻ സംസ്ഥാന കമ്മിറ്റി അംഗം
# ഒ. മോഹൻദാസ് പണിമുടക്കിൽ പങ്കെടുത്ത് സർവ്വീസിൽ നിന്നും വിരമിച്ചു

കെ.എസ്.ടി.എ മുൻ സംസ്ഥാന കമ്മിറ്റി അംഗവും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുമായ ശ്രീ. ഒ. മോഹൻദാസ് പെൻഷൻ സംരക്ഷിക്കുന്നതിനു വേണ്ടി ജീവനക്കാരും അധ്യാപകരും നടത്തുന്ന അനിശ്ചിതകാല പണിമുടക്കിൽ പങ്കെടുത്ത് സർവ്വീസിൽ നിന്നും വിരമിച്ചു. കെ.ജി.ടി.എ അട്ടപ്പാടി സബ്ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കെ.എസ്.ടി.എ പാലക്കാട് ജില്ലാ ജോ.സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, സംസ്ഥാന കമ്മിറ്റി അംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അഗളി, ചെർപ്പുളളശ്ശേരി സ്കൂളുകളിലെ അധ്യാപകനായും, കൊടുവായൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പാലക്കാട് എ.ഇ.ഒ, വണ്ടൂർ ഡി.ഇ.ഒ എന്നീ നിലകളിൽ പ്രവർത്തിച്ചശേഷം കഴിഞ്ഞ ജൂൺ മാസത്തിലാണ് നെയ്യാറ്റിൻകര ഡി.ഇ.ഒ ആയി ചാർജ്ജെടുത്തത്.

2013 മാർച്ചുവരെ സർവ്വീസിൽ തുടരേണ്ട ഇദ്ദേഹം സൂപ്പർ ആനുവേഷൻ കാലയളവിൽ പണിമുടക്കിൽ പങ്കെടുത്തതുകൊണ്ടാണ് വിരമിക്കേണ്ടി വന്നത്.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി